KPB Nidhi Ltd.
Approved by Govt. of India-ESTD 1989
KPB Mandir,Sangeetha Sabha Road,Aluva-683101. Phone:0484-2922000,2922060
CIN:U65991KL1989PLC005448 headoffice@kpbnidhi.com,www.kpbnidhi.com

**TRANSCRIPT OF THE 32nd ANNUAL GENERAL MEETING OF M/S KPB NIDHI LIMITED HELD AT 11.30 AM ON MONDAY SEPTEMBER 27TH 2021 THROUGH VIDEO CONFERENCE.**

**ചെയർമാൻ:**

അപ്പോൾ നമ്മളുടെ 32ആം വാർഷിക പൊതുയോഗം ഈശ്വര പ്രാർത്ഥനയോടുകൂടി നമ്മൾ സമംഗളം ആരംഭിക്കുകയാണ്.

ഈശ്വര പ്രാർത്ഥന......

ഈ വാർഷിക പൊതുയോഗത്തിലേക്കു, ഇവിടെ പ്രത്യക്ഷമായിട്ടും അതോടൊപ്പം തന്നെ ഓൺലൈൻ ആയിട്ടും പങ്കെടുക്കുന്ന എല്ലാവർക്കും ആദ്യമായിട്ട് സ്വാഗതം പറയുന്നു. ഔപചാരികമായ സ്വാഗതം പിന്നീടു പറയുന്നുണ്ടാവും....

ഈ യോഗം വാർഷിക പൊതുയോഗം.... ഈ യോഗം നടക്കുന്ന കഴിഞ്ഞ ഒരു വർഷത്തെ കാലം നമ്മൾ നോക്കുമ്പോൾ വളരെ പ്രമുഖരായിട്ടുള്ള-പ്രശസ്തരായിട്ടുള്ള ഒരുപാട് പേര് അവരുടെ ഈ ലോകത്തെ ജീവിതം അവസാനിപ്പിച്ച് അവർ നമ്മെ എല്ലാം വിട്ടു പിരിഞ്ഞു എന്ന് ഉള്ള ദുഃഖകരമായ സ്മരണകൾ നമ്മളുടെ മുമ്പിൽ ഉണ്ട്.

അതോടൊപ്പം തന്നെ ലോകം മുഴുവൻ വ്യാപിച്ചിട്ടുള്ള ഈ കൊറോണ മഹാമാരി... അതുകൊണ്ട് ആണ് നമ്മൾ ഇപ്പോൾ ഇങ്ങനെ ഈ വിധത്തിൽ യോജിച്ചു ഈ ആനുവൽ പൊതുയോഗം നടത്തേണ്ടി വരുന്നത്. അങ്ങനെ ഉള്ള മഹാമാരി മൂലവും അല്ലാതെയും നമ്മളുടെ കസ്റ്റമേഴ്സ് അല്ലെങ്കിൽ നമ്മളുടെ ഷെയർഹോൾഡേഴ്സ്, നമ്മളുടെ അഭ്യുദയകാംഷികളും ഒക്കെ ആയിട്ടുള്ള അല്ലാത്തവരുമായ എത്രയോ പേര് കഴിഞ്ഞ കാലഘട്ടത്തിൽ നമ്മെ വിട്ടുപോയി.

അപ്പോൾ നമ്മളുടെ ഔപചാരികമായ നടപടികളിലേക്ക് കടക്കുന്നതിനു മുൻപ് അങ്ങനെ ഉള്ള എല്ലാ ആളുകളെയും സ്മരിക്കുകയും അവരുടെ ആത്മാവിന്റെ മോക്ഷ ഗതിക്കായി ഒരു നിമിഷം പ്രാർത്ഥിക്കുകയും ചെയ്യണ്ടത് നമ്മളുടെ

എല്ലാവരുടെയും ഒരു ചുമതലയാണ്. എടുത്തു പറയേണ്ട ചില പേരുകൾ..... ഒരു പക്ഷെ കേരളത്തിന്റെ സാഹിത്യ മണ്ഡലത്തിന് ഏറ്റവും കൂടുതൽ നഷ്ടം ഉണ്ടായ ഒരു വർഷം ആണ് കഴിഞ്ഞ വർഷം.

കഴിഞ്ഞ വർഷത്തിനുള്ളിൽ ആണ് 20 ആം നൂറ്റാണ്ടിന്റെ ഇതിഹാസകാരൻ, വെളിച്ചം ദുഃഖം ആണ് ഉണ്ണി തമസ്സല്ലോ സുഖപ്രദം എന്ന് പറഞ്ഞ ശ്രീ. അക്കിത്തം അച്യുതൻ നമ്പൂതിരിപ്പാട്, പദ്മശ്രീ അക്കിത്തം അച്യുതൻ നമ്പൂതിരിപ്പാട്.... ജ്ഞാനപീഠം ജേതാവ്, എന്ന് മാത്രമല്ല മറ്റു അനവധി പുരസ്കാരങ്ങൾ നേടീട്ടുള്ള ശ്രീ. അക്കിത്തം ... അദ്ദേഹം വേദങ്ങൾകും, ഉപനിഷത്തുക്കൾക്കും ഒക്കെ ഭാഷ്യം ചെയ്തിട്ടുണ്ട്.

ഭാഗവതം മലയാളത്തിലേക്ക് കമ്പോടു കമ്പു  അദ്ദേഹം തർജമ ചെയ്തിട്ടുണ്ട്, അങ്ങനെ ഉള്ള മഹാപുരുഷൻ, ശ്രീ. അക്കിത്തം നമ്മെ വിട്ടു പിരിഞ്ഞു. അതെപോലെതന്നെ നമ്മൾ അദ്ദേഹത്തോടൊപ്പം ചേർത്ത് പറയണ്ട പേരുകൾ ആണ് കേരളത്തിലെ പ്രശസ്ത കവയിത്രി, സാമൂഹ്യ പ്രവർത്തക, പരിസ്ഥിതി പ്രവർത്തക....., തോൽക്കാനുള്ള യുദ്ധങ്ങള്ക്കു നേതൃത്വം കൊടുക്കൽ ആണ് എന്റെ ജീവിതം എന്ന് പറഞ്ഞ, നമ്മളുടെ എല്ലാവരുടെയും പ്രിയപ്പെട്ട സുഗതകുമാരി ടീച്ചർ, അവരും കഴിഞ്ഞ വര്ഷം നമ്മെ വിട്ടു പോയി.

അതുപോലെ തന്നെ ശിലാഖണ്ഡം പിളർന്നിട്ടും ഇന്ത്യ എന്ന വികാരമേ എന്ന് പാടിയ ശ്രീ. അക്കിത്തം അച്യുതം നമ്പൂതിരിപ്പാട് ... സോറി.... ശ്രീ. വിഷ്ണു നാരായണൻ നമ്പൂതിരി. മഹാകവി വിഷ്ണു നാരായണൻ നമ്പൂതിരി, പ്രൊഫസർ വിഷ്ണു നാരായണൻ നമ്പൂതിരി , മഹാ പണ്ഡിതൻ , സംസ്‌കൃത പണ്ഡിതൻ ഒക്കെ ആയിട്ടുള്ള വിഷ്ണു നാരായണൻ നമ്പൂതിരി സാറ്, അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു.

സാഹിത്യ രംഗത്തും, കലാ രംഗത്തും സിനിമയിലും, ആനക്കമ്പത്തിലുമൊക്കെ കേരളീയർക്കു മുമ്പിൽ നിന്ന് യാത്ര ചെയ്ത തപസ്യയുടെ അധ്യക്ഷനായിരുന്ന ശ്രീ.മാടമ്പ് കുഞ്ഞിക്കുട്ടൻ... അദ്ദേഹവും നമ്മെ വിട്ടു പിരിഞ്ഞു കഴിഞ്ഞ വർഷം.

ഗുരുപൗർണമി എന്ന മഹാകാവ്യത്തിലൂടെ ഗുരുദേവന്റെ ജീവചരിത്രം അതിമനോഹരമായി കവിതയിൽ ആവിഷ്കരിച്ച, 600 ഇലേറെ സിനിമ ഗാനങ്ങൾ രചിച്ച, പദ്യ ഭാഷയിലും ഗദ്യ ഭാഷയിലും തന്റേതായ പ്രാവീണ്യം തെളിയിച്ച, തമിഴ്, സാഹിത്യം, തിരുക്കുറൾ ഉള്പടെയുള്ളതു മലയാളത്തിന് പരിചയ പെടുത്തിയ ശ്രീ.രമേശൻ നായർ സാർ.... മഹാ കവി രമേശൻ നായർ സാർ, അദ്ദേഹവും നമ്മെ വിട്ടു പിരിഞ്ഞു.

കെ പി ബിയെ സംബന്ധിച്ചടുത്തോളം കഴിഞ്ഞ വര്ഷം ഒരു ചെറിയ ദുഃഖത്തിന്റെ വർഷമായിരുന്നു... ദുഃഖത്തിൽ ചെറുതും-വലുതും ഉണ്ടോ അറിയില്ല. കഴിഞ്ഞ വര്ഷം ആണ് നമ്മളുടെ സ്ഥാപകരിൽ ഒരാള് ആയിട്ടുള്ള ശ്രീ.സോമശേഖരൻ നായർ അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു. ഇൻകം ടാക്സ് കമ്മിഷണർ അല്ലെ അതോ റിസേർവ് ബാങ്ക്....... ആ .... Advisor to Asian Development Bank ആയിരുന്നു. നമ്മളുടെ സ്ഥാപനം കെ പി ബി എന്ന് ഉള്ളത് ആരംഭിച്ച ആളുകളിൽ ഒരാള് ആണ് അദ്ദേഹം. അദ്ദേഹം കഴിഞ്ഞ വര്ഷം ആണ് നമ്മെ.... പ്രായാധിക്യം ഒക്കെ ബാധിച്ചു അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു.

ഏറെ പ്രശസ്തനല്ലെങ്കിലും എനിക്ക് വളരെ അടുപ്പമുള്ള എന്റെ സഹപ്രവർത്തകനും കൂടിയായിരുന്ന വനവാസി സമൂഹത്തിനു വേണ്ടി തന്റെ ജീവിതത്തിന്റെ സിംഹ ഭാഗം മാറ്റി വെച്ച അവരുടെ ഉദ്ധാരണത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞു പ്രവർത്തിച്ച ശങ്കർജി, ശങ്കർജിയും നമ്മെ കഴിഞ്ഞ വര്ഷം വിട്ടു പിരിഞ്ഞു . ഓരോരുത്തരും ജീവിതത്തിന്റെ ഓരോ മേഖലയിലും വ്യക്തി പ്രതിഷ്ഠ നേടിയിട്ടുള്ള ആളുകൾ ആണ്.

മറ്റു അനവധി പേര് ഉണ്ട് കലാ-സാമൂഹിക-സാംസ്കാരിക രംഗത്ത് ഒക്കെ ഉള്ള ഒരുപാട് ആളുകൾ കഴിഞ്ഞ വർഷങ്ങളിൽ നമ്മളെ വിട്ടു പോയിട്ടുണ്ട്......... കഴിഞ്ഞ ഒരു വർഷത്തിനകം.

ഈ എല്ലാവർക്കും.... അതുപോലെതന്നെ നമ്മളുടെ കെ പി ബി യുടെ സ്റ്റാഫ് ആയിരുന്നു ധനലക്ഷ്മി ബാങ്കിൽ നിന്നും റിട്ടയർ ചെയ്ത് കുറച്ചു നമ്മളുടെ ബ്രാഞ്ച് സ്റ്റാഫ് ആയിട്ട് പ്രവർത്തിച്ച, മാനേജർ ആയിട്ട് പ്രവർത്തിച്ച ശ്രീ.അശോകൻ അദ്ദേഹം നമ്മെ വിട്ടു പിരിഞ്ഞു.

അങ്ങനെ ഉള്ള എല്ലാ നഷ്ടങ്ങളും അതെല്ലാം ഈ സമയത്തു നമ്മൾ സ്മരിക്കുന്നു. അവരുടെ ദുഃഖത്തിൽ പങ്കുചേരുന്നു.... ആ കുടുംബത്തിന്റെ ദുഃഖത്തിൽ അവരുമായി നമ്മൾ ഒത്തുചേരുന്നു .... അവരുടെ ആത്മാവിന്റെ മോക്ഷഗതിക്കു വേണ്ടി പ്രാർത്ഥിക്കുന്നു, ഒരു നിമിഷം മൗനം ആചരിച്ചതിനു ശേഷം നമ്മൾ നമ്മളുടെ ഈ യോഗത്തിന്റെ മറ്റു കാര്യപരിപാടിയിലേക്ക് കടക്കാം എന്ന് വിചാരിക്കുന്നു... എല്ലാവരും ഒരു നിമിഷം മൗനം, സ്വന്തം സ്ഥാനത്തു ഇരുന്നുകൊണ്ട് തന്നെ അവരുടെ ആത്മാവിന്റെ മോക്ഷഗതിക്കു ആയി പ്രാർത്ഥിക്കുക.

നമ്മളുടെ ഇന്നത്തെ ഈ ആനുവൽ ജനറൽ ബോഡി, ജനറൽ മീറ്റിംഗ്, അഥവാ വാർഷിക പൊതുയോഗത്തിന്റെ നടത്തിപ്പിന് വേണ്ടി എല്ലാവര്ക്കും നോട്ടീസ് അയച്ചിട്ടുണ്ട്... ആ നോട്ടീസിൽ കൃത്യമായി വാർഷിക പൊതുയോഗത്തിന്റെ നടപടി ക്രമങ്ങൾ വിശദമായി തന്നെ പറഞ്ഞിട്ടും ഉണ്ട്. തുടക്കത്തിൽ തന്നെ ഉള്ള അഭ്യർത്ഥന ആണ് ആ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചു ഈ യോഗം നടത്താൻ എല്ലാവരും സഹകരിക്കണം എന്ന്.

ഓൺലൈൻആയിട്ടു നടക്കുന്നത് കൊണ്ട് നമ്മളുടെ ഏതെങ്കിലും ആളുകൾക്കു അസൗകര്യങ്ങൾ ഉണ്ടെങ്കിൽ നമ്മളുടെ നോട്ടീസിൽ തന്നെ ആരുമായിട്ടാണ് ബന്ധപ്പെടേണ്ടത് എന്ന് കാര്യങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട് ... ആ ആളുകളുമായി ബന്ധപ്പെട്ടാൽ എത്രയും വേഗം സാധിക്കുന്ന വിധത്തിൽ അവർക്കു എല്ലാ സഹായവും നമ്മൾ ചെയിതു തരുന്നത് ആണ്.

Ministry of Corporate Affairs ഇന്റെ നിയമങ്ങൾ പാലിച്ചുകൊണ്ട് വീഡിയോ കോൺഫെറെൻസിങ് അല്ലെങ്കിൽ Other Audio Visual Means (O A V M ) വഴി ഈ വാർഷിക പൊതുയോഗം നടത്തുന്നതായി പ്രഖ്യാപിച്ചുകൊള്ളുന്നു.

M C A യുടെ നിർദേശാനുസരണം പ്രോക്സിയെ നിയമിക്കാനും വോട്ട് ചെയ്യാനുമുള്ള സൗകര്യം ഈ പൊതുയോഗത്തിൽ ഉണ്ടായിരിക്കുന്നത് അല്ല. നോട്ടീസിൽ പറഞ്ഞിരിക്കുന്ന നടപടികളുമായി മുന്നോട്ടു പോകുന്നത്തിനു ബന്ധപ്പെട്ട ഡോക്യൂമെൻറ്സും വിശിദീകരണ പത്രവും പരിശോധിക്കാനുള്ള സൗകര്യം ഓഹരി ഉടമകൾക്കു നൽകിയിട്ടുണ്ട്.

നിശ്ചയിക്കപ്പെട്ടിട്ടുള്ള കോറം, നിർദിഷ്ട കോറം അത് തികഞ്ഞിട്ടുള്ളതുകൊണ്ട് യോഗം ആരംഭിക്കുന്നു.

യോഗത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമായിട്ടുള്ള നമ്മളുടെ വോട്ടിംഗ്... ഇ-വോട്ടിംഗ് ...... ബാലറ്റ് പേപ്പർ എല്ലാവർക്കും കിട്ടിയിട്ടുണ്ട്.... ഈ-വോട്ടിംഗ് ഈ സമയം മുതൽ ആരംഭിക്കുകയാണ്... 12.30 മണി വരെ ഈ-വോട്ടിംഗ് ചെയ്യാൻ ഉള്ള സൗകര്യം ഉണ്ടാവും. 12.30 മണിക്ക് ഈ-വോട്ടിംഗ് ചെയ്തതിനു ശേഷം ...ക്ലോസ് ചെയിതത്തിന് ശേഷം നമ്മളുടെ പ്രമേയങ്ങൾ അതിനെ കുറിച്ചിട്ടുള്ള തീരുമാനങ്ങൾ നമ്മൾ അറിയിക്കുന്നു.

നമ്മളുടെ കെ.പി.ബി നിധിയുടെ വാർഷിക പൊതുയോഗങ്ങളുടെ ഐശ്വര്യവും അലങ്കാരവും ഒക്കെ ആണ് നമ്മളുടെ P E B മേനോൻ സാർ. കെ.പി.ബി യുടെ ജീവാത്മാവും പരമാത്മാവും എന്ന് ഒക്കെ നമ്മുക്ക് വേണമെങ്കിൽ പറയാം. ഒന്നും അല്ലാതിരുന്ന ഒരു ചെറിയ സ്ഥാപനത്തെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മാർഗ്ഗദർശനത്തിൽ കഠിനമായ പരിശ്രമത്തിൽകൂടി..... ഇന്ന് കേരളത്തിലെ എന്ന് അല്ല ഭാരതത്തിലെ തന്നെ ഏറ്റവും പ്രമുഖമായ നിധി കമ്പനികളിൽ ആദ്യത്തെ അഞ്ച് എണ്ണത്തിൽ ഒന്ന് എന്ന നിലയിലേക്ക് വളർത്തി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

നമ്മളുടെ എല്ലാ വാർഷിക പൊതുയാഗങ്ങളിലും അദ്ദേഹം നമ്മളെ ഓഹരി ഉടമകളെയും എല്ലാം കണ്ടു അഭിസംബോധന ചെയ്യാറുണ്ട്. വ്യക്തിപരമായ സൗഹൃദം പങ്കു വെക്കാറുണ്ട്. നിർഭാഗ്യവശാൽ അദ്ദേഹത്തിന്റെ ആരോഗ്യ സ്ഥിതി കഴിഞ്ഞ അഞ്ച്-എട്ടു മാസമായി കുറച്ചു വിഷമത്തിലായതുകൊണ്ടു

നേരിട്ട് വന്നു ഈ യോഗത്തിൽ പങ്കു എടുക്കാനോ ഓൺലൈൻ ആയിട്ട് തന്നെ കാര്യങ്ങളിൽ പങ്കു എടുക്കുവാനോ അദ്ദേഹത്തിന് ഇപ്പോൾ പ്രയാസം ഉള്ളതുകൊണ്ട് മേനോൻ സാറിന്റെ അസാന്നിധ്യം നിശ്ചയമായും നമ്മെ വേദനിപ്പിക്കുന്നു വിഷമിപ്പിക്കുനുണ്ട്. എത്രയും പെട്ടെന്ന് അദ്ദേഹത്തിന്റെ ആ അസുഖങ്ങളെല്ലാം മാറി പൂർവാധികം ഉർജ്ജസ്വലതയോടുകൂടി നമ്മളുടെ കെ പി ബി യുടെയും മറ്റു പൊതു പ്രവർത്തനങ്ങളിലുമൊക്കെ അദ്ദേഹത്തെ കാണാൻ നമ്മൾ ആഗ്രഹിക്കുന്നു.

അദ്ദേഹത്തിന് ആയുർ ആരോഗ്യ സൗഖ്യവും ദീർഘായുസും നേരുന്നു. അദ്ദേഹത്തിന്റെ അസാന്നിധ്യം മിക്കവാറും നമ്മളുടെ പ്രതിനിധി... ഷെയർഹോൾഡർ മാര് ആയിട്ടുള്ള ആൾകാർക്കൊക്കെ ഇവിടെ ഇരിക്കുന്ന ആരേക്കാൾ കൂടുതൽ  പരിചയം ഉള്ള മുഖം ആയതുകൊണ്ട് എന്തുകൊണ്ട് അദ്ദേഹം ഇല്ല എന്നത് പലവരുടെയും മനസ്സിൽ ഒരു ആശങ്ക ഉണ്ടാവും അത് തികച്ചും അദ്ദേഹത്തിന്റെ ആരോഗ്യപരമായ കാരണങ്ങൾകൊണ്ട് അദ്ദേഹത്തിന് വരാൻ കഴിയാത്തതുകൊണ്ട് ആണ്... ആ വിവരം ഞാൻ എല്ലാവരെയും അറിയിക്കുന്നു.

കെ.പി.ബി നിധിയുടെ ബോർഡിൽ എന്റെ സഹപ്രവർത്തകരായിട്ടുള്ള ആൾക്കാർ എല്ലാവരും എന്റെ കൂടെ ഇവിടെ ഇരിക്കുന്നുണ്ട്. ചില ആളുകാർക്കു ഇന്നത്തെ സാഹചര്യത്തിൽ ഇവിടം വരെ വരാൻ കഴിയാത്തതുകൊണ്ട് ഓൺലൈൻ അയിട്ടു പങ്ക് എടുക്കുന്നുണ്ട് അപ്പോൾ അവരെ ഒക്കെ ചെറുതായിട്ട് ഒന്ന് പരിചയ പെടുത്തുന്നു:-

- നമ്മളുടെ മാനേജിങ് ഡയറക്ടർ ശ്രീ. കെ മുരളീധരൻ എന്റെ വലതു വശത്തു ഇരിക്കുന്നു,
- ശ്രി. എം മുരളീധരൻ, ജോയിൻറ് മാനേജിങ് ഡയറക്ടർ, അദ്ദേഹം എന്റെ ഇടതു വശത്തു ഉണ്ട്,
- നമ്മളുടെ ഡയറക്ടർമാരിൽ, ശ്രീ. രാജേഷ്, ചാർട്ടേർഡ് അക്കൗണ്ടൻറ്, കോട്ടയത്തിൽ നിന്നാണു, അദ്ദേഹം നമ്മളുടെ കൂടെ ഉണ്ട്
- ശ്രീ. വിനു കൃഷ്ണൻ, അദ്ദേഹം B.Tech, Engineer സ്വന്തം കമ്പനി നടത്തിയിരുന്ന ആള്, നമ്മളുടെ തന്നെ സഹോദര സ്ഥാപനം ആയിട്ടുള്ള കെ പി ബി ഫിൻകെയറിന്റെ മാനേജിങ് ഡയറക്ടർ, അങ്ങനെ പല കാര്യങ്ങൾ ചെയ്യുന്ന ആള് ആണ്, ശ്രീ. വിനു കൃഷ്ണൻ നമ്മളുടെ കൂടെ ഉണ്ട്.
- ശ്രീ.മോഹനചന്ദ്രൻ, അദ്ദേഹം Federal Bank ഇലെ ഉദ്യോഗസ്ഥൻ ആയിരുന്നു, ആറന്മുളയിൽ നിന്ന്  ആണ്, നമ്മളുടെ ഡയറക്ടർ ആണ്,
- ശ്രീ. വിശ്വരൂപൻ, നമ്മളുടെ ഡയറക്ടർ ഫ്രം തൃശൂർ,
- ശ്രീ.ഹരീഷ്, പുതിയ ഡയറക്ടർ ആണ്, കണ്ണൂരിൽ നിന്ന് ആണ് അദ്ദേഹം, വക്കീൽ ആണ്, കുറെ കാലം ബാങ്കിൽ പ്രവൃത്തിച്ച അനുഭവം ഉള്ള ആള്

ആണ് കാരണം പുതിയ ആള് ആയതുകൊണ്ട് അതുംകൂടി പറയണമല്ലോ... അപ്പോൾ ബാങ്കിങ് എക്സ്പിരിൻസും ലീഗൽ എക്സ്പിരിൻസും ഉള്ള still a practicing lawyer, അങ്ങനെ ഉള്ള ശ്രീ. ഹരീഷും നമ്മളുടെ കൂടെ ഉണ്ട്.

- അപ്പോൾ ചാർട്ടേർഡ് അക്കൗണ്ടന്റ്സും ലോയേഴ്സും ഓക്കേ ഉള്ള ബോഡി ആണ് നമ്മളുടേ.
- നമ്മളുടെ മുൻ...... നമ്മളുടെ ഡയറക്ടർമാരായിട്ടുള്ള ഓൺലൈൻആയിട്ടു പങ്കു എടുക്കുന്ന ശ്രീ. എം എ. വാസുദേവൻ, അദ്ദേഹവും ഓൺലൈൻആയിട്ടു പങ്കു എടുക്കുന്നുണ്ട്.
- രണ്ടു ഡയറക്ടർമാർക്, മറ്റു അസൗകര്യങ്ങൾ ഉണ്ട്, ഇന്ന് എത്താൻ ബുദ്ധിമുട്ടു അറിയിച്ചിട്ടുണ്ട്, ഒരാൾക്ക് ഇന്ന് കണ്ണിനു ഓപ്പറേഷൻ ആണ് അതുകൊണ്ടു അദ്ദേഹം ഹോസ്പിറ്റലിൽ ആണ് ലീവ് അറിയിച്ചിട്ടുണ്ട് ശ്രീ. ജയപ്രകാശ് വലിയത്താൻ. ഇൻകം ടാക്സ് സംബന്ധമായ ചില കേസുകൾക്കു വേണ്ടിയിട്ടു പോയിട്ടുള്ളതുകൊണ്ടു നമ്മളുടെ ഡയറക്ടർ ആയിട്ടുള്ള ശ്രീ. വിഷ്ണു പ്രസാദും ഇന്നത്തെ ഈ ആനുവൽ ജനറൽ ബോഡിയിൽ പങ്കു എടുക്കാൻ ഉള്ള ബുദ്ധിമുട്ടു അറിയിച്ചിട്ടുണ്ട്. ബാക്കി എല്ലാ ആളുകളും നമ്മളുടെ ബോർഡിൽ ഇന്ന് വന്നിട്ടുണ്ട്.
- കമ്പനി സെക്രട്ടറി ഉണ്ട്, സന്ധ്യ ഗോപി,
- നമ്മളുടെ മുൻ ഡയറക്ടർ, മുൻ മാനേജിങ് ഡയറക്ടർ, അതിനു ഉപരി കെ പി ബി യുടെ ഉപദേഷ്ട്ടാവ്, മാർഗ ദർശകൻ ഒക്കെ ആയിട്ടുള്ള ശ്രീ. ജഗദീശൻ സാർ, ജഗദീശൻ സാറും നമ്മളുടെ കൂടെ ഉണ്ട്,
- നമ്മളുടെ CFO, ശ്രീമതി. ജയലക്ഷ്മി, അവരും നമ്മളുടെ കൂടെ ഉണ്ട്.

അങ്ങനെ നമ്മളുടെ കമ്പനിയുടെ പ്രധാനപ്പെട്ട ചുമതല വഹിക്കുന്ന ആൾക്കാരും, ഡയറക്ടർ ബോർഡ് അംഗങ്ങളും, അങ്ങനെ ഉള്ള എല്ലാ ആളുകളും ഈ ബോർഡിൽ... ഈ യോഗത്തിൽ പങ്കെടുക്കുന്നുണ്ട് എന്ന് അറിയിക്കുന്നതിൽ ഏറെ സന്തോഷം. ഔപചാരികമായ.... നമ്മളുടെ സെക്രട്ടേറിയൽ ഓഡിറ്റർ മാർ ആയിട്ടുള്ള ആള്ക്കാരും ഓൺലൈൻ ആയിട്ട് ഈ കാര്യത്തിൽ പങ്കെടുക്കുന്നുണ്ട് ... ശ്രീ. ദാമോദരൻ, ശ്രീ. വിനയ് പിഷാരടി, അങ്ങനെ ഉള്ളവരും ഈ കാര്യത്തിൽ ഇതിൽ പങ്കു എടുക്കുന്നുണ്ട്.

ഈ യോഗത്തിനെ ഔപചാരികമായി സ്വാഗതം ആശംസിക്കുന്നതിനു വേണ്ടി നമ്മളുടെ കമ്പനിയുടെ, മാനേജിങ് ഡയറക്ടർ ശ്രീ. കെ. മുരളീധരൻ അവർകളെ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.

**മാനേജിങ് ഡയറക്ടർ:**

നമസ്തേ

ചെയർമാൻ, ശ്രീ. മോഹൻജി ഇത് വരെ എന്റെ ചുമതല ഒരുവിധം വളരെ ലൈറ്റാക്കി തന്നു കഴിഞ്ഞിരിക്കുന്നു. നമ്മൾക്കു എല്ലാവർക്കും അറിയാം , we are passing through the most difficult times in our life. ഈ സെഞ്ച്വറിയുടെ തന്നെ ഏറ്റവും മോശമായ ഒരു കാലത്തിലൂടെ ആണ് നമ്മൾ കടന്നു പോകുന്നത്. കഴിഞ്ഞ ഒരു വർഷം മുൻപ്, സെപ്റ്റംബർ 28 ഇന് നമ്മൾ ഇതെ വെന്യുവിൽ നമ്മൾ assemble ചെയിതപ്പോൾ, നമ്മൾ അന്ന് ഉദ്ദേശിച്ചിരുന്നു... അന്ന് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിച്ചത് ഇങ്ങനെ ആണ് "if winter comes, will spring be far behind?" എന്ന് പറഞ്ഞിട്ട് ആണ് ഞാൻ അവസാനിപ്പിച്ചത്. Spring will come soon and we will be recovering from all the problems എന്ന് വിചാരിച്ചിരുന്നു but unfortunately the winter was too long ഈ ഒരു വിന്റർ അവസാനിച്ചിട്ടില്ല. ഇനി എങ്കിലും നമ്മൾക്കു പ്രതീക്ഷിക്കാം now we have come to an end and spring will not be that much far behind. എന്ന് ഉള്ള ശുഭസൂചകമായ വാക്കുകളോടുകൂടി ഞാൻ എന്റെ കർത്തവ്യത്തിലേക്കു ആരംഭിക്കട്ടെ.

Chairman Sir, A.R. Mohanji, നമ്മളുടെ father like figure, ഇന്ന് ഭാരത് ബന്ദ് ആണ് എന്ന് അറിഞ്ഞതുകൊണ്ട്, അദ്ദേഹം തൃപ്പൂണിത്തറയിൽ നിന്ന് വരുന്ന ആള് ആയിട്ട് പോലും ഒരു റിസ്ക് എടുക്കാൻ തയ്യാർ അല്ലായിരുന്നു. അദ്ദേഹം ഇന്നലെ തന്നെ..... വൈകുന്നേരം 6 മണി ആയപ്പോള് തന്നെ അദ്ദേഹം ഇവിടെ എത്തി കഴിഞ്ഞിരുന്നു നമ്മളുടെ ഈ വെന്യുവിൽ തന്നെ താമസിക്കുകയായിരുന്നു അദ്ദേഹം ഉണ്ടായിരുന്നത്. അദ്ദേഹത്തിന്റെ ആ commitment നമ്മൾക്ക് പറഞ്ഞതു അറിയിക്കാൻ പറ്റുന്നില്ല.... വാക്കുകൾ കിട്ടുന്നില്ല... എത്രത്തോളം part and parcel ആയിട്ടുള്ള ഈ institutionന്റെ part and parcel ആയിട്ടുള്ള ശ്രീ മോഹൻ സാറിനെ ഞാൻ........ ശെരിക്കും പറഞ്ഞാൽ official ആയിട്ട് ആണ് അദ്ദേഹത്തിനെ ഞാൻ welcome ചെയ്യുന്നത് കാരണം അദ്ദേഹത്തിനെ welcome ചെയ്യാൻ ഞാൻ ഒരു വ്യക്തി ആണോ എന്ന് തന്നെ എനിക്ക് തീരുമാനിക്കാൻ പറ്റുന്നില്ല.

പിന്നെ നമ്മളുടെ ജോയിൻറ് മാനേജിങ് ഡയറക്ടർ അദ്ദേഹം ശ്രീ. മുരളീധരൻ, അദ്ദേഹം നമ്മളുടെ കൂടെ ഉണ്ട്. അദ്ദേഹവും ഇതുപോലെ തന്നെ തൃശ്ശൂരിൽ നിന്നും വരുന്നതിനു എന്തെങ്കിലും തടസ്സം ഉണ്ടായല്ലോ എന്ന് കരുതി നേരത്തെ തന്നെ. തലേദിവസം തന്നെ ഇവിടെ വന്നു താമസിച്ചു.... നമ്മളുടെ എല്ലാ arrangements മോണിറ്റർ ചെയിതു... എല്ലാം perfect ആക്കി നടത്താനുള്ള എല്ലാ നടപടികള്ക്കും പുറകിൽ നിന്ന് സഹായിച്ച ആള് ആണ്. അദ്ദേഹത്തിനെയും ഈ മീറ്റിംഗിലേക്കു ഞാൻ ഹാർദ്ദവമായിട്ടു സ്വാഗതം ചെയുകയാണ്.

നമ്മളുടെ വിശ്വരൂപൻ സാർ again coming from Thrissur. അദ്ദേഹം 6 മണിക്കല്ലേ ബന്ദ് തുടങ്ങുകയുള്ളു 6 മണിക്ക് മുൻബ് ഞാൻ ഇവിടെ എത്തിയേക്കാം എന്ന് പറഞ്ഞു. കൃത്യം 5.55 ആയപ്പോഴേക്കും അദ്ദേഹം തൃശ്ശൂരിൽ നിന്നും ആലുവയിൽ എത്തി വിളിക്കുകയും ചെയ്തിരുന്നു. ഓരോരുത്തരുടെയും

കമ്മിറ്റ്മെന്റ് ആണ് നമ്മൾ ഇതിൽ നിന്നും മനസിലാക്കുന്നത്. അദ്ദേഹത്തിനേയും ഞാൻ ഹാർദ്ദവമായിട്ടു സ്വാഗതം ചെയുകയാണ്.

ശ്രീ. മോഹനചന്ദ്രൻ സർ തലേന്ന് തന്നെ പത്തനംതിട്ടയിൽ നിന്നും വരുന്ന ആറന്മുളയിൽ നിന്നും വരുന്ന അദ്ദേഹം തലേന്ന് തന്നെ ഇവിടെ വന്നു താമസിച്ചു നമ്മളുടെ മീറ്റിംഗ് വളരെ വിജയകരമായി complete ചെയ്യാനായിട്ടു അദ്ദേഹം സഹകരിച്ചിട്ടുണ്ട്. അദ്ദേഹത്തെയും ഞാൻ ഹാർദ്ദവമായി സ്വാഗതം ചെയുകയാണ്.

ശ്രീ. രാജേഷ്, രാജേഷ് സാർ വരുന്നത് കോട്ടയത്തിൽ നിന്നും ആണ് അദ്ദേഹം...... ഈ പറഞ്ഞതുപോലെതന്നെ തലേന്ന് കോട്ടയത്തിൽ നിന്നും വരാൻ പോലും മടിച്ചിട്ടു തലേന്ന് തന്നെ ഇവിടെ വന്നു താമസിച്ചു നമ്മളുടെ മീറ്റിംഗിൽ പങ്കെടുക്കുകയാണ്.

ശ്രീ. വിനു കൃഷ്ണൻ, since he is coming from Ernakulam അത്രവലിയ പ്രശനങ്ങൾ ഒന്നും ഇല്ലായിരുന്നു . അദ്ദേഹം കൃത്യ സമയം 9:30am ആയപ്പോഴേക്കും നമ്മളുടെ ബോർഡ് മീറ്റിംഗിന് മുൻപേ തന്നെ ഇവിടെ എത്തിയിരുന്നു. ഇവരെ രണ്ടു പേരെയും ഞാൻ ഹാർദ്ദവമായി സ്വാഗതം ചെയുകയാണ്.

പിന്നെ ഓൺലൈൻ ആയിട്ടുള്ള... ഓൺലൈൻ ആയിട്ട് ജോയിൻ ചെയ്തിട്ടുള്ള ആമേട വാസുദേവൻ നമ്പൂതിരി, നമ്മളുടെ ഡയറക്ടർ ബോർഡ് മെമ്പർ ആണ് അദ്ദേഹത്തെയും ഞാൻ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു .

ജഗദീശൻ സാർ, അദ്ദേഹം ഇല്ലാതെ നമ്മളുടെ ഈ മീറ്റിംഗ് കമ്പ്ലീറ്റ് ആവും എന്ന് എനിക്ക് തോന്നുന്നില്ല. കാരണം 2014 തൊട്ടു ഈ സ്ഥാപനത്തിന്റെ ഓരോ കാര്യങ്ങളും അന്വേഷിച്ചു നമ്മൾക്ക് വേണ്ട സപ്പോർട്ടും ഗൈഡൻസും തന്നുകൊണ്ടു ഇരിക്കുന്ന അദ്ദേഹം ... ഇത്ര അധികം ബുദ്ധിമുട്ടു ഉണ്ടായിട്ടു പോലും നമ്മളോട് ഒപ്പം ജോയിൻ ചെയ്തിട്ടുണ്ട്. അദ്ദേഹത്തയും ഞാൻ  സ്വാഗതം ചെയ്യുകയാണ്,

CFO, ജയലക്ഷ്മി... ജയലക്ഷ്മി all together she was here. ഇന്നലെ രാവിലെ വന്നിരുന്നു അവര്.... അത് കഴിഞ്ഞു വൈകുന്നേരം വീണ്ടും വന്നു എല്ലാ അറേഞ്ച്മെൻറ്സും ശെരി ആക്കി കഴിഞ്ഞു രാവില്ലേ 6 മണി

ആവുമ്പോഴേക്കും ഇവിടെ എത്തിയിട്ടുണ്ട്. അവരെയും ഞാൻ സ്വാഗതം ചെയ്യുന്നു ... മീറ്റിംഗിലേക്കു സ്വാഗതം ചെയുകയാണ്.

പിന്നെ നമ്മളുടെ മീറ്റിംഗിന്റെ ഹെഡ് ഓഫീസ് ടീം, ഫുൾ ടീം നമ്മളുടെകൂടെ ഈ മീറ്റിംഗ് succesful ആകാൻ നമ്മളൊട്ഒപ്പം ഉണ്ട്. ഇവരെ ഓരോരുത്തരെയും പേര് പറഞ്ഞു ഞാൻ സ്വാഗതം ചെയുന്നില്ലെങ്കിലും .. എല്ലാവരെയും ഞാൻ സ്വാഗതം ചെയുകയാണ്. പിന്നെ ഓൺലൈൻ ആയിട്ട് നമ്മളുടെ അഡ്വൈസറി ബോര്ഡില് ഉള്ള പഴയ മാനേജിങ് ഡയറക്ടർ ശ്രീ. ശർമ്മ സാർ അദ്ദേഹം ഓൺലൈനിൽ ജോയിൻ ചെയ്തിട്ടുണ്ട്. അദ്ദേഹത്തയും ഞാൻ സ്വാഗതം ചെയുകയാണ്.

As such നമ്മളുടെ online present 330 ആണ് എന്ന് തോന്നുന്നു അല്ലേ? 458.... 458 പേര് നമ്മളുടെ ഈ മീറ്റിംഗിൽ ഓൺലൈൻ ആയിട്ട് ജോയിൻ ചെയ്തിട്ടുണ്ട്... It is a great success. It shows the commitment and ownership from the part of the shareholders ഓരോരുത്തരെയും individual ആയിട്ട് thank ചെയ്യാൻ പറ്റുന്നില്ല. എന്നാലും എന്റെ മനസ് അറിഞ്ഞ ഒരു welcome ഉണ്ട് എല്ലാവര്ക്കും... അപ്പോൾ എല്ലാവരെയും ഞാൻ ഈ ഓൺലൈൻ മീറ്റിംഗിൽലേക്കു സ്വാഗതം ചെയുകയാണ്. ഇനി എന്റെ വാക്കുകൾ അവസാനിപ്പിക്കട്ടെ, നന്ദി .. നമസ്കാരം... namasthe.

**ചെയർമാൻ:**

കാര്യപരിപാടിയിൽ അടുത്തത്. ചെയർമാൻ സംസാരിക്കണം എന്ന് ആണ് വെച്ചിട്ടുള്ളത്. ഈ കമ്പനിയുടെ ചെയർമാൻ എന്ന് നിലയില് ഇന്ന് നിങ്ങളുടെ മുമ്പിൽ നിൽക്കുമ്പോൾ ഏറെ സന്തോഷം. വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന ഒരു കാലഘട്ടത്തിൽകൂടിയിട്ടാണ് ആണ് ലോകം മുഴുവൻ കടന്നുകൊണ്ടു ഇരിക്കുന്നത്. മനുഷ്യ ജീവിതത്തിന്റെ സമസ്ത മേഖലയും ബാധിച്ചിട്ടുള്ള പാൻഡെമിക് കൊറോണ അത് സാമ്പത്തിക മേഖലയും അതി രൂക്ഷമായി ബാധിച്ചിട്ടുണ്ട്. ലോകമെമ്പാടും ഉള്ള അതി വികസിത രാജ്യങ്ങൾ മുതൽ ദരിദ്ര രാജ്യങ്ങൾ വരെ എല്ലാ അർത്ഥത്തിലും ഇന്ന് കഷ്ട്ടപെട്ടു കൊണ്ടിരിക്കുകയാണ്. ഒരുപാട് വ്യവസായങ്ങൾ ഇതിനു അകം തന്നെ അടച്ചുപൂട്ടി ആളുകൾക്കു ജോലി നഷ്ട്ടപെട്ടു. അങ്ങനെയൊക്കെ ഉള്ള വലിയ ഒരു പരിക്ഷീണമായിട്ടുള്ള ഒരു കാലഘട്ടത്തിൽകൂടി നാം കടന്നു പോകുന്നു. അങ്ങനെ ഉള്ള കാലഘട്ടത്തിൽകൂടി ആണ് നമ്മൾ കടന്നു പോകുന്നുണ്ടെങ്കിലും കെ.പി.ബി യുടെ ചെയർമാൻ എന്ന രീതിയിൽ എനിക്ക് സന്തോഷം എന്ന് ഞാൻ പറയാൻ കാരണം മുൻ വർഷങ്ങളിൽ നമ്മുക്ക് ചെയ്യാൻ കഴിഞ്ഞിരുന്നില്ല. 2014 ഇന് ശേഷം ആദ്യമായിട്ടാണ് നമ്മൾ 5% ഡിവിഡന്റ് ഡിക്ലയർ ചെയ്യുന്നത്. 2014ഇന് പെട്ടെന്നു സ്വർണ വിലയിലുണ്ടായിട്ടുള്ള ഒരു ഇടിച്ചിൽ, അതുണ്ടാക്കിയ സാമ്പത്തിക ആഘാതം, കമ്പനിക്ക് വന്ന നഷ്ടം, ആ നഷ്ടങ്ങൾ മറികടക്കാൻ വേണ്ടി 14-15 വർഷത്തിന് ശേഷം കഴിഞ്ഞ 3-4 വർഷങ്ങൾ അത് എടുക്കേണ്ടി വന്നു.

മുൻകാല ബാലൻസ് ഷീറ്റുകൾ നോക്കിയാൽ അറിയാം നമ്മൾ നഷ്ടത്തിലായിരുന്നു. ആ എല്ലാ നഷ്ടങ്ങളും തീർത്ത കഴിഞ വർഷമാണ് അതിന്റെ അവസാനം ഉണ്ടായിരുന്ന കുറേയും തീർത്തത്....ഇല്ലേ? കഴിഞ്ഞ വര്ഷം ആണത്. കഴിഞ്ഞ വര്ഷം അവസാനം ഉണ്ടായിരുന്ന കടം വരെ അല്ലെങ്കിൽ നഷ്ടം വരെ നികത്തി ഈ വര്ഷം നമ്മൾ 3 കോടിയിലേറെ രൂപ മൂന്നുകോടി പതിനാറു ലക്ഷത്തോളം രൂപ നമുക്ക് വാർഷിക ലാഭം എല്ലാ ചെലവുകൾക്കും ശേഷം വാർഷിക ലാഭം എന്ന രീതിയിൽ നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളത് കെ.പി.ബിയെ സംബന്ധിച്ചിടത്തോളം ഒരു വിജയമാണ്. കാരണം അന്നുണ്ടായിട്ടുള്ള ആഘാതത്തിൽനിന്നും കര കേറുമോ എന്ന്.. കര കേറുമോ എന്ന് വളരെ അധികം ആശങ്ക ഉണ്ടായിരുന്നു അന്നത്തെ M D എന്റെ മുമ്പിൽ ഇരിക്കുന്നുണ്ട്. അദ്ദേഹം വളരെ വിഷമത്തോടുകൂടി പലതും പറഞ്ഞിട്ടുണ്ട്. അതൊന്നും പറയാൻ പറ്റില്ല ഇപ്പോൾ. അന്നത്തെ സാഹചര്യത്തിലെടുത്തിട്ടുള്ള പല നടപടികളും ആ പ്രതിസന്ധിയെ മറികടക്കാൻ വേണ്ടി നമ്മളെടുത്തിട്ടുള്ള തയാറെടുപ്പുകൾ, കഷ്ടപ്പാടുകൾ ഒക്കെ.. അതിന്റെയൊക്കെ നല്ല ഒരു ഫലമാണ് ഇപ്പോ.. ആ എല്ലാ ബാക് ലോഗ്സും വൈപ്പ് ഔട്ട് ചെയ്ത് മുൻകാല നഷ്ടങ്ങൾ മുഴുവൻ മാറ്റി കെ.പി.ബി ലാഭത്തിലേക്ക് കേറിയിരിക്കുന്നു എന്നുള്ള അനുകൂലമായ സാഹചര്യം. ശെരിയാണ്, 5% വലുതാണോ എന്ന് ചോദിച്ചാൽ അല്ല. 5 % മതിയോ എന്ന് ചോദിച്ചാൽ പോരാ. കൂടുതൽ കൊടുക്കാൻ സാധിക്കണം നമുക്ക്. പക്ഷെ ഈ വര്ഷം ഇതുവരെയുള്ള നമ്മളുടെ പരിശ്രമത്തിന്റെ ഫലമായിട്ട് നമ്മൾ 3 കോടി 16 ലക്ഷം നമുക്ക് ലാഭം ഉണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളത് തന്നെ ഒരു വിജയം എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഒരു പക്ഷെ ഈ കൊറോണ ഇല്ലായിരുന്നു എന്നുണ്ടെങ്കിൽ ഇതിനേക്കാൾ കൂടുതൽ നമുക്ക് മെച്ചം വരാനും അതിന്റെ വിഹിതം നമ്മുടെ ഷെയർ ഹോൾഡേഴ്സിന് കൊടുക്കുവാനും കഴിയുമായിരുന്നു. കഴിഞ്ഞ ഒരു 3 വർഷത്തെ കെ.പി.ബിയുടെ growth ഗ്രാഫ് നമ്മൾ പഠിച്ചാൽ 33-35 % growth ആണ് കഴിഞ്ഞ വർഷങ്ങൾ ഒക്കെ നമ്മളുണ്ടാക്കിയിട്ടുള്ളത്. അതൊരു മുപ്പത്തി മൂന്ന് മുപ്പത്തിയഞ്ചു ശതമാനം growth സ്വാഭാവികമായിട്ടും കഴിഞ്ഞ വര്ഷം ഉണ്ടാകുമായിരുന്നു, ഈ കൊറോണ എന്ന മഹാമാരി ഇല്ലായിരുന്നെങ്കിൽ. പക്ഷെ കഴിഞ്ഞ വര്ഷം കൊറോണ ബാധിച്ചതിൻ്റെ ഫലമായി സാമ്പത്തിക രംഗത്ത് വന്നിട്ടുള്ള മാന്ദ്യം കെ.പി.ബിയുടെയും ബിസിനസിനെ ബാധിച്ചിട്ടുള്ളതുകൊണ്ട് കഷ്ടിച്ചു 24%ന്റെ വികസനമാണ് കഴിഞ്ഞ വര്ഷം നമുക്ക് ഉണ്ടാക്കാൻ സാധിച്ചത്. എന്നുവച്ചാൽ ഏകദേശം 10 % വികസനം. നമുക്ക് അല്ലെങ്കിൽ നമ്മുടെ സ്വാഭാവികമായും കഴിഞ്ഞ വർഷങ്ങളിൽ ഉണ്ടായിരുന്ന അത്രയും, വളർച്ച കഴിഞ്ഞ വര്ഷം നമ്മുക്കുണ്ടാക്കാൻ കഴിഞ്ഞില്ല. ആ 10% കൂടി കഴിഞ്ഞ വര്ഷം നമുക്ക് grow ചെയ്യാൻ പറ്റിയിരുന്നങ്കിൽ ഈ 3.16 എന്നുള്ളത് അഞ്ചു കൊടിയോ അഞ്ചര കൊടിയോ എന്ന രീതിയിലേക്ക് അത് മാറുമായിരുന്നു. അപ്പൊ അത് മറ്റൊരു ചിത്രം കൂടിയാണ് തരുന്നത്. സാഹചര്യങ്ങൾ നേരത്തെ മുരളി സർ

പ്രാർഥിച്ചപോലെ സാഹചര്യങ്ങൾ നമുക്ക് അനുകൂലമായി മാറുന്നതോടു കൂടി നമ്മളുടെ സാമ്പത്തിക നിലയും നമ്മളുടെ ലാഭ വിഹിതവും എല്ലാം വരും വർഷങ്ങളിൽ കൂടുതൽ മെച്ചപ്പെടാനുള്ള സാധ്യത നമുക്ക് ഇന്ന് മുന്കൂട്ടികാണാൻ കഴിയും. ഏതു ഇരുട്ടിനും അപ്പുറത്തൊരു വെളിച്ചമുണ്ടാവും ഏതു രാത്രിക്കുമൊരു പ്രഭാതമുണ്ടാകും..പകല് വരും എന്ന പറയുന്ന പോലെ. ഇന്നത്തെ ഈ സാഹചര്യം മാറി അനുകൂല സാഹചര്യം, നമുക്ക് അതിന്റെ അരുണകിരണങ്ങൾ ഇന്ന് നമുക്ക് കുറേശെ കാണാൻ കഴിഞ്ഞു തുടങ്ങിയിട്ടുണ്ട്. ജീവിതത്തിന്റെ സമസ്ത മേഖലയും ഇപ്പൊ തുറന്ന് തുടങ്ങുകിയിട്ടുണ്ട്. ഇപ്പൊ സ്കൂള് തുറക്കണൊ? ഹോട്ടൽ തുറക്കണൊ? ബാർ തുറക്കണൊ? എന്നൊക്കെയുള്ള ചർച്ചകളും അതിന്റെ പ്രവർത്തനങ്ങളൊക്കെയിന്ന് നടന്നുകൊണ്ടിരിക്കുന്നുണ്ട്. എല്ലാ രംഗവും വീണ്ടും തുറക്കപ്പെടുന്ന ഈ സാഹചര്യത്തിൽ കൂടുതൽ നമുക്ക് പ്രതീക്ഷകൾ നൽകുന്നതാണ് വരാൻ  പോകുന്ന ദിവസങ്ങൾ..ഈ വർഷം ഇനി 6 മാസം ഉള്ളു അതിന്റെ പരിമിതിയുണ്ട് എങ്കിലും വരും കാലം കൂടുതൽ ശുഭോദർക്കമായ കാലമായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനു വേണ്ടീട്ട് നമ്മുടെ മാനേജ്മെന്റും നമ്മളുടെ ജീവനക്കാരുമെല്ലാവരും ഇപ്പൊ തന്നെ നല്ല കാര്യമായി പരിശ്രമം കഠിനമായ പരിശ്രമം അവർ നടത്തുന്നുണ്ട്. അവർക്കെല്ലാവര്ക്കും എന്റെ അഭിനന്ദനങ്ങൾ. നമ്മുടെ ജീവനക്കാർ അവര് പരിശ്രമിക്കാഞ്ഞിട്ടല്ല നമുക്ക് മുൻപോട്ട് പോകാൻ കഴിയാതെ വന്നത്. അവരുടെ നല്ല പരിശ്രമം നടക്കുന്നുണ്ട് പക്ഷെ സാഹചര്യത്തിന്റെ സമ്മർദ്ദം എല്ലാവരെയും ബാധിച്ചപോലെ നമ്മളെ ബാധിക്കുന്നതുകൊണ്ട് നമ്മൾ വിചാരിച്ച വളർച്ച നമുക്ക് ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്ന് മാത്രമാണ്. ഇതോടൊപ്പം എടുത്തുപറയേണ്ട മറ്റൊരു കാര്യം. നിധി കമ്പനികളെ സംബന്ധിച്ചിടത്തോളം വളരെ കർക്കശമായ നിയമങ്ങളാണ് രാജ്യത്തു ഇപ്പോ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽ നിധി കമ്പനികൾ വിരലിൽ എണ്ണാവുന്നതേ ഉണ്ടായിരുന്നുള്ളു. ഈ അടുത്ത കാലത്തായി നിധി കമ്പനികൾ കൂണ് മുളക്കുന്ന പോലെ നാട്ടിൽ എല്ലാ പഞ്ചായത്തിലും ഒരു വാർഡിലും ഒരു നിധി കമ്പനി എന്ന രീതിയിലേക്ക് ഒക്കെ. ആയിരത്തിലേറെ നിധി കമ്പനികൾ... എത്രയാ?...കേരളത്തിൽ മാത്രം ആയിരത്തിലേറെ നിധി കമ്പനികൾ കഴിഞ്ഞ ഒന്നോ രണ്ടോ വർഷം കൊണ്ട് വന്നിട്ടുണ്ട്. ഇതിൽ വളരെ നല്ല രീതിയിൽ നടത്തുന്നവർ ഉണ്ടാകും അല്ലാത്തവരുണ്ടാകും. ഒരുപാട് നിധി കമ്പനികളെ കുറിച്ച് പരാതികളുണ്ട്. പത്രത്തിൽ പല നിധി കമ്പനികളും അടച്ചു പൂട്ടുന്നതിന്റെ വാർത്തകൾ വരുന്നുണ്ട്. അതുകൊണ്ട് നിധി കമ്പനിയുടെ പ്രവർത്തനത്തെ നിയന്ത്രിക്കാനും അതിനെ നിയമത്തിന്റെ ചട്ടക്കൂടുകൾ കൂടുതൽ കർക്കശമാക്കാനും വേണ്ടീട്ടുള്ള ശ്രമങ്ങൾ കേന്ദ്ര സർക്കാർ തുടങ്ങിയിട്ടുള്ളതിന്റെ ഭാഗമായി ഒരുപാട് പുതിയ വ്യവസ്ഥകളും ചട്ടങ്ങളുമൊക്കെ വന്നിട്ടുണ്ട്. അതും നമ്മുടെ നിധി കമ്പനിയുടെ പ്രവർത്തനങ്ങൾക്, ഒരു ഭാഗത്തു നല്ലതാണെങ്കിലും ചില ഭാഗത്തു

അതിന്റേതായിട്ടുള്ള ബുദ്ധിമുട്ടുകളുണ്ട്. അപ്പൊ നിധി കമ്പനിയുടെ ലാഭം ആ ലാഭത്തിൽനിന്നു എത്രയാണോ ഡിവിഡന്റ് കൊടുക്കുന്നത് അത്രയും എമൗണ്ട് റിസേർവിലേക്ക് മാറ്റി വക്കണം എന്ന നിയമമുണ്ട്. അപ്പൊ മൂന്നേകാൽ കോടി നമുക്ക് ലാഭമുണ്ടെങ്കിൽ പരമാവധി ഡിവിഡൻറ് ആയിട്ട് നമുക്ക് കൊടുക്കാൻ കഴിയുന്നത് 1.525 കോടി രൂപ മാത്രമാണ്. എന്ന് പറഞ്ഞാൽ നമ്മളുടെ 30 കോടി ഷെയർ ഹോൾഡേഴ്സിന്റെ അഞ്ചു ശതമാനം മാത്രമാണ് നമുക്ക് ഡിവിഡന്റ് ആയി കൊടുക്കാൻ നിയമം അനുവദിക്കുന്നുള്ളു. കൂടുതൽ കൊടുക്കാൻ നമുക്ക് ആഗ്രഹമുണ്ടെങ്കിലും കൊടുക്കാൻ നിയമം അനുവദിക്കുന്നില്ല. നിയമം അനുവദിക്കാത്ത കാര്യങ്ങൾ നമുക്ക് ചെയ്യാൻ പറ്റില്ല. നിയമവിധേയമല്ലാത്ത കാര്യങ്ങൾ ചെയ്താൽ അത് നാളെ നമ്മുടെ നിലനില്പിനെത്തന്നെ ബാധിക്കും. അതുകൊണ്ട് നിയമവിധേയമായി ചെയ്യുമ്പോൾ നമ്മൾ കഴിഞ്ഞ വർഷം ഉണ്ടാക്കിയ ലാഭത്തിന്റെ ഡിവിഡന്റ് കൊടുക്കുന്ന അത്രയും എമൗണ്ട് നമ്മുടെ റിസേർവിലേക്ക് മാറ്റി വയ്ക്കണം. അതുകൊണ്ട് നമ്മൾ അഞ്ചു ശതമാനം ഡിവിഡന്റ് കൊടുക്കുമ്പോൾ അഞ്ചു ശതമാനം റിസേർവിലേക്ക് മാറ്റുന്നു. അങ്ങനെ റിസേർവിലേക്ക് മാറ്റുന്നത് കമ്പനിയുടെ ആരോഗ്യത്തെ ശക്തിപ്പെടുത്തുന്നു. കൂടുതൽ റിസേർവ് ഉണ്ടാവുകയും കമ്പനിക് ഏതു പരിസ്ഥിതിയെയും നേരിടാനൊള്ള കരുത്തുണ്ടാക്കിത്തീർക്കുകയും ചെയ്യാൻ വേണ്ടിയിട്ടാണ് ആ നിയമം. കെ.പി.ബി അത് കൃത്യമായി പാലിക്കുന്നു. നമ്മൾ ഡിവിഡന്റ് കൊടുക്കുന്നതിന്റെ അത്രയും തുക തന്നെ റിസേർവിലേക്ക് മാറ്റി വച്ചുകൊണ്ടാണ് നമ്മളീ ചെയ്യുന്നത്. 100 % compliance ഉള്ള കമ്പനി എന്ന രീതിയിലേക്ക് നമ്മൾ എല്ലാ കാര്യങ്ങളും, നിയമാനുസൃതം ചെയ്യാനാണ് കെ.പി.ബി യുടെ ആഗ്രഹവും പരിശ്രമവും. മറ്റൊരു നിയമം നമ്മളെ ഇപ്പോൾ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നു. നിധി കമ്പനികൾക്കു മുഴുവൻ NDH-4 എന്ന് പറയുന്ന കേന്ദ്ര സർക്കാരിന്റെ ഒരു അനുമതിപത്രം, അത് ആവശ്യമാണ് എന്ന വ്യവസ്ഥ വന്നു. കഴിഞ്ഞ ഓഗസ്റ്റിലോ സെപ്റ്റംബറിലോ മറ്റോ..... ജൂലൈയിലാണോ?...കഴിഞ്ഞ വർഷം ജൂലൈയിൽ..ഒരു വർഷം കഴിഞ്ഞു. അതിന്റെ എല്ലാ രേഖകളും കാര്യങ്ങളും നമ്മൾ കേന്ദ്ര സർക്കാരിന്...കാരണം നമുക്കെല്ലാ കാര്യങ്ങളും നമ്മുടെ കൈയ്യിൽ റെഡി ആയിരുന്നുന്നു. അത് മുഴുവൻ നമ്മൾ കേന്ദ്ര സർക്കാരിന് സബ്മിറ്റ് ചെയ്തു. വളരെ നിസ്സാരമായ ഒന്നോ രണ്ടോ query അതിനു മുകളിൽ വന്നു. അതിനും നമ്മൾ മറുപടി ഒക്ടോബറിനുള്ളിൽ തന്നെ കൊടുത്തു. ഏകദേശം ഒരു വർഷം അത് കഴിഞ്ഞിട്ട് ഒരു വർഷമായി. NDH-4 നമുക്ക് കിട്ടിയിട്ടില്ല. നമുക്ക് കിട്ടിയിട്ടില്ല എന്ന് പറയുമ്പോ നമുക്ക് മാത്രം കിട്ടിയിട്ടില്ല എന്നല്ല അതിനർത്ഥം. ഒരു നിധി കമ്പനിക്കും NDH-4 കേന്ദ്ര സർക്കാർ കൊടുത്തിട്ടില്ല. അതിന്റെ പ്രോസസ്സിംഗ് നടന്നുകൊണ്ടിരിക്കുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. നമ്മുടെ എല്ലാ കാര്യങ്ങളും ശരിയാണ്. അതുകൊണ്ട് കഴിഞ്ഞ വർഷം കേന്ദ്ര ധനകാര്യ മന്ത്രി കേരളത്തിൽ വന്ന സമയത് മാനേജിങ് ഡയറക്ടറും ഞാനും ഒന്നിച്ചു പോയി അവരെ കണ്ട് നിവേദനം സമർപ്പിച്ചിരുന്നു. നമുക്ക് NDH-4 കിട്ടുന്നതിനുവേണ്ടി. ദീർഘനേരം

അവരോട് സംസാരിക്കുകയും ചെയ്തു. അതോടൊപ്പം തന്നെ കേരളത്തിലെ നിധി കമ്പനിയുടെ അസോസിയേഷൻ NDH-4 നു വേണ്ടിയിട്ട് എത്രയും പെട്ടെന്ന് കൊടുക്കണം, അതിനുവേണ്ടി നടപടിയെടുക്കണം എന്നാവശ്യപ്പെട്ടിടുണ്ട്. ഇതുവരെ NDH-4 ആർക്കും കൊടുത്തിട്ടില്ല. പക്ഷെ ഏതാണ്ട് മുന്നൂറ്റി ചില്ല്വാനം നിധി കന്പനികൾ പ്രവർത്തിക്കാൻ പാടില്ല നിയമവിധേയമായിട്ടുള്ള കാര്യങ്ങളല്ല എന്ന് പറഞ്ഞു കൊറേയധികം.. മുന്നൂറ്റി ചില്ല്വാനം നിധി കമ്പനിയുടെ പ്രവർത്തനം നിർത്തിവച്ചു. Scrutiny ചെയ്ത് കഴിഞ്ഞതിനു ശേഷം. അപ്പോ അതിന്റെയർത്ഥം ബാക്കി കമ്പനികൾക്കു NDH-4 കിട്ടാനുള്ള കൂടുതൽ അനുകൂലമായ സാഹചര്യമുണ്ട് വരും ദിവസങ്ങളിൽ NDH-4 നമുക്ക് കിട്ടും എന്ന് തന്നെയാണ് നമ്മുടെ പ്രതീക്ഷ. NDH-4 കിട്ടാത്തതുകൊണ്ട് സാധാരണ ഗതിയിലൊരു വർഷത്തിൽ അഞ്ചോ ആറോ പുതിയ ബ്രാഞ്ചുകൾ കെ.പി.ബി തുടങ്ങാറുണ്ട്. കഴിഞ്ഞ വർഷം നമുക്ക് കെ.പി.ബി ക്കു ഒരേയൊരു ബ്രാഞ്ച് നമ്മുടെ കൊടുവായൂർ ബ്രാഞ്ച്. മുൻ ലൈസൻസ് വച്ചിട്ട് നമ്മക്ക് തുടങ്ങാൻ കഴിഞ്ഞു. ഒരു സാധാരണ ഗതിയിൽ അഞ്ചോ ആറോ ബ്രാഞ്ച് എങ്കിലും മിനിമം ഒരു കഴിഞ്ഞ കുറച്ചു കാലങ്ങളായിട്ടു നമ്മൾ ഉത്ഘാടനം ചെയ്യാറുണ്ട്. അങ്ങനെ അഞ്ചോ ആറോ ബ്രാഞ്ച് വരുമ്പോൾ അതിന്റേതായിട്ടൊള്ളോരു ബിസിനസ് കൊണ്ടും നമ്മുടെ ലാഭം നമ്മുടെ എല്ലാ പ്രവർത്തനവും, കൊറേ ആളുകൾക്കു പുതിയ ജോലിയും, ഒക്കെ ആണ്... നമുക്ക് കൂടുതൽ ചെയ്യാൻ സാധിക്കാറുണ്ട്. പക്ഷെ ഈ ഒരു പ്രത്യേക സാഹചര്യത്തിൽ നമുക്ക് ബ്രാഞ്ചുകൾ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. അതെത്രയും പെട്ടെന്ന് NDH-4 നമുക്ക് കിട്ടി കഴിഞ്ഞാൽ വരുന്ന വർഷത്തിൽ കൂടുതൽ ബ്രാഞ്ചുകൾ നമ്മളെല്ലാവരും ആഗ്രഹിക്കുന്നതിലും ആവുന്നതും പെട്ടെന്ന് ഒരു നൂറു ബ്രാഞ്ചുവരെ കെ.പി.ബിക്കു എത്തിച്ചേരാൻ സാധിക്കണം വരുന്ന ഒന്നോ രണ്ടോ വർഷം കൊണ്ട് എന്ന് നമ്മളൊക്കെ ആഗ്രഹിക്കുന്നുണ്ട്. ആ ഒരു സാഹചര്യത്തിലേക്ക് കടക്കാൻ നമുക്ക് അത് സഹായിക്കും. അപ്പോൾ ഇപ്പൊ ഉള്ള നിയമങ്ങളെല്ലാം പാലിച്ചുകൊണ്ട്, വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നമ്മളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി നടത്താൻ ഈ NDH-4 നമുക്ക് എത്രയും പെട്ടെന്ന് കിട്ടും എന്ന് പ്രതീക്ഷിക്കുന്നു. അതനുസരിച്ചു ബാക്കി വികസന പ്രവർത്തനങ്ങൾ.... ശെരിക്കു പറഞ്ഞാൽ ചില ബ്രാഞ്ചുകൾക്കുള്ള പ്രിമൈസസ് വരെ നമ്മൾ.. സ്ഥലം വരെ കണ്ടെത്തി identify ചെയ്ത് വച്ചു. ബാക്കി അനുവാദം കിട്ടി കഴിഞ്ഞാൽ ചെയ്യാമെന്നുള്ള ഒറ്റ ധാരണയിൽ.. പക്ഷെ നമുക്ക് ചെയ്യാൻ കഴിയാത്തതീ ഒരൊറ്റ കാരണം കൊണ്ടാണ്. അതിലും ഈ വരുന്ന സമയങ്ങളിൽ മാറ്റം ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നമ്മളെ സംബന്ധിച്ചിടത്തോളം സന്തോഷത്തിന് മറ്റൊരു രണ്ട് കാര്യങ്ങൾ കൂടി പറഞ്ഞു ഞാൻ എന്റെ വാക്കുകൾ ഞാനിവിടെ നിർത്തുന്നു. കെ.പി.ബി വികസിക്കുകയാണ്. എല്ലാ അർഥത്തിലും അത് കൂടുതൽ കരുത്താർജ്ജിക്കുകയാണ്. കൂടുതൽ ഉയരങ്ങൾ നാം ലക്ഷ്യങ്ങൾ വച്ച് മുന്നോട്ടു പോകാൻ ശ്രമിക്കുകയാണ്. ആ ആവശ്യങ്ങളൊക്കെ പൂർത്തീകരിക്കാൻ നമുക്ക്

കുറേ കൂടി സൗകര്യപ്രദമായൊരു ഹെഡ് ഓഫീസ് കെട്ടിടം ആവശ്യമാണ് എന്ന അവസ്ഥ ഇപ്പൊ വന്നിരിക്കുന്നു. നിലവിലുള്ള കെട്ടിടം ആ കെട്ടിടം നമുക്ക് മതിയാവാതെ വന്നിരിക്കുന്നു. അവിടെ ഏറ്റവുമുയർന്ന തലത്തിൽ truss വർക്കൊക്കെ ചെയ്ത് അതിനുള്ളിൽ നമ്മുടെ സ്റ്റാഫിനെയോകെ പിടിച്ചിരുത്തിയിട്ടാണ് നമ്മളിപ്പോ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതോടൊപ്പം തന്നെ നമ്മുടെ സ്റ്റാഫിന് ട്രെയിനിങ് കൊടുക്കാനും വാർഷികമായി ഇങ്ങനെ നടക്കുന്ന പരിപാടികൾ നടത്താനും വേണ്ടീട്ടുള്ള സൗകര്യങ്ങള് ഇന്ന് നമ്മുടെ കെട്ടിടത്തിലില്ല. അപ്പോൾ അവ എല്ലാം മനസ്സിൽ വച്ചുകൊണ്ടാണ് ആലുവ ടൗണിന്റെ നടുക്ക് നമ്മുടെ ഇപ്പോളത്തെ ഹെഡ് ഓഫീസിന്റെ തൊട്ടടുത്ത് വാക്കബിൾ ഡിസ്റ്റൻസ്..നമ്മുടെ ഇപ്പോളത്തെ ഹെഡ് ഓഫീസിൽ നിന്നും വാക്കബിൾ ഡിസ്റ്റൻസിൽ തന്നെ പുതിയ ഒരു ഓഫിസ് മന്ദിരത്തിനുള്ള സ്ഥലം കഴിഞ്ഞ വര്ഷം മാർച്ചിൽ നമ്മൾ മേടിച്ചു. കഴിഞ്ഞ ദിവസം ഒരു രണ്ടാഴ്ച മുനമ്പ് നമ്മളവടെ ഭൂമി പൂജ നടത്തി. അതിന്റെ കെട്ടിടത്തിന് വേണ്ടിയിട്ടുള്ള ലൈസൻസിന് വേണ്ടിയിട്ടുള്ള പേപ്പറുകൾ ഒക്കെ മുൻസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. എത്രയും പെട്ടെന്നു അതിന്റെ അനുവാദം കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. അതുകഴിഞ്ഞാൽ നമ്മളതിൻറെ നിർമാണ പ്രവർത്തനങ്ങൾ നമ്മൾ ആരംഭിക്കും. ഈശ്വരാനുഗ്രഹവും നിങ്ങളുടെയെല്ലാം പ്രാർത്ഥനയും നമുക്കുണ്ടെങ്കിൽ 2023... അടുത്ത വർഷമല്ല... അതിന്റെയടുത്ത വര്ഷം. 2023ലെ വാർഷിക പൊതുയോഗം നമ്മൾ നമ്മുടെ സ്വന്തം കെട്ടിടത്തിലെ ഹാളിൽ വച്ചിട്ട് നടത്തും എന്നാണു. അപ്പോ അതിനുള്ള ഒരു സാഹചര്യം ഉണ്ടാവുകയാണ്. അതിനു ബാക്കിയുള്ള എല്ലാ കാര്യങ്ങളും നടന്ന് മുന്നോട്ട് പോയിട്ടുണ്ട്. അതാണ് ഒരു സന്തോഷകരമായിട്ടൊള്ള വാർത്ത. മറ്റൊരു കാര്യം കെ.പി.ബി വലുതാവുന്നതിന്റെ ഭാഗമായിട്ടുള്ള പ്രശ്നം തന്നെയാണ്. കെ.പി.ബി 84 ബ്രാഞ്ച്... 83 ബ്രാഞ്ച്. ഞാൻ പറഞ്ഞതുപോലെ 100 ബ്രാഞ്ച് ആകാനുള്ള പരിശ്രമം എത്രയും പെട്ടെന്ന് എത്തണം. സ്വാഭാവികമായിട്ടും ബ്രാഞ്ചുകളുടെ എണ്ണവും കസ്റ്റമേഴ്സിന്റെ എണ്ണവും കൂടി കൂടി വരുമ്പോൾ. അതോടൊപ്പം തന്നെ കാലത്തിന്റെ മാറ്റവും. കാലത്തിന്റെ മാറ്റവും ഉൾകൊള്ളാൻ കെ.പി.ബിക്കു കഴിയണം. 25 കൊല്ലം മുൻമ്പുള്ള സാഹചര്യത്തിലെ പ്രവർത്തനശൈലി വച്ചിട്ട് 2021ലും 22ലും പ്രവർത്തിക്കാൻ കഴിയില്ല. ജഗദീശൻ സർ വന്നതിനുശേഷമാണ് നമ്മുടെ ഇവിടെ കംപ്യൂട്ടറൈസേഷനൊക്കെ നമ്മുടെ സ്ഥാപനത്തിൽ നടപ്പിലാക്കിയത്. അല്ലെ? അന്നതിന്റെ സാഹചര്യങ്ങൾക്കനുസരിച്ചു നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നമ്മളൊരു സംവിധാനം ഉണ്ടാക്കി പക്ഷെ 4 കൊല്ലം കഴിഞ്ഞപ്പോളത്തേക്കും.. അഞ്ചു കൊല്ലം കഴിഞ്ഞപ്പോളേക്കും അതും പോരാ കൂടുതൽ ആധുനികമായ സാങ്കേതിക വിദ്യയുടെ പിന്തുണ നമ്മുടെ സ്ഥാപനത്തിന്റെ ഇനിയുള്ള പ്രവർത്തനത്തിനും വളർച്ചക്കും ആവശ്യമാണ്. മറ്റു ധനകാര്യ സ്ഥാപനങ്ങൾ പ്രത്യേകിച്ചും ബാങ്കുകൾ ഒക്കെ ചെയ്യുന്ന പോലെ നെറ്റിൽ കൂടി കാര്യങ്ങൾ ചെയ്യാൻ പറ്റുന്ന.. അക്കൗണ്ടുകൾ ഒക്കെ വീട്ടിലിരുന്ന്

കാണാൻ പറ്റുന്ന.. ആ തരത്തിൽ കൂടുതൽ സുതാര്യമായതും അതുപോലെ തന്നെ കൂടുതൽ easy to do business. കൂടുതൽ എളുപ്പം നമ്മുടെ ബിസിനസ്സുകൾ ചെയ്യാൻ സാധിക്കുന്ന വിധത്തിൽ പുതിയ സിസ്റ്റം നമ്മുടെ കെ.പി.ബിയിലേക്കു കൊണ്ടുവരാൻ വേണ്ടിയിട്ടുള്ള തീരുമാനം ബോർഡ് വളരെ ആലോചിച്ചു നമ്മളെടുത്തു. ആ സിസ്റ്റം മൈഗ്രേഷൻ നിലവിലിരുന്ന സിസ്റ്റത്തിൽ നിന്ന് പുതിയ സിസ്റ്റത്തിലേക്കുള്ള മൈഗ്രേഷൻ പ്രവർത്തനം കഴിഞ്ഞ 2-3 മാസമായി വളരെ ഊർജ്ജസ്വലമായി നടക്കുന്നു. നമ്മളുടെ തന്നെ സഹോദര സ്ഥാപനമായിട്ടുള്ള കെ.പി.ബി ഡിജിറ്റൽ അതിനുവേണ്ടിയിട്ടുള്ള കാര്യങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ആ പ്രവർത്തനം അതിന്റെ അവസാന ഘട്ടത്തിലാണ്. കെ.പി.ബി ഡിജിറ്റലിന്റെയും കൂടി managing director ആയ ശ്രീ വിനു കൃഷ്ണൻ എന്നോട് പറഞ്ഞത്, ഡിസംബർ ഒന്നാം തിയതി മുതലെങ്കിലും നമുക്ക് ഓൺലൈൻ ആയി പോകുവാൻ പറ്റും. മാക്സിമം വന്നാൽ ജനുവരി 1. നമുക്ക് ഓൺലൈൻ ആയിട്ട് നമ്മുടെ കാര്യങ്ങളിലേക്ക് നമുക്ക് നീങ്ങാൻ പറ്റും അത് ലൈവ് ആക്കാൻ പറ്റും.. നമ്മുടെ ഈ പുതിയ സിസ്റ്റം മൈഗ്രേഷൻ നടത്തി..പുതിയ സിസ്റ്റത്തിൽ നമ്മുടെ ബിസിനസ് മൈഗ്രേഷൻ മുഴുവൻ ആക്കാൻ പറ്റും എന്നുള്ളതാണ്. അങ്ങനെയുള്ള മൈഗ്രേഷൻ നമ്മൾ നടത്തി കഴിയുമ്പളേക്കും ആധുനിക ബാങ്കുകളുടെ പല സൗകര്യങ്ങളും നമുക്ക് വരും. നമ്മള് കൃത്യമായി ഒരു ബാങ്ക് അല്ലെങ്കിലും ബാങ്കിന്റെ പല സൗകര്യങ്ങളും ചെയ്യാവുന്ന ബാങ്കിന്റെ അടുത്ത് നിക്കുന്ന ഒരു സ്ഥാപനം... ധനകാര്യ സ്ഥാപനം എന്ന സ്റ്റാറ്റസ്സിലേക്കു നമ്മൾ ഉയരും. നമ്മളുടെ എല്ലാ ഫസിലിറ്റീസും നമുക്ക് മൊബൈൽ ആപ്പിൽ കൂടി നമ്മുടേതായിട്ടുള്ള മൊബൈൽ ആപ്പിൽ കൂടിയിട്ട് നമ്മുടെ എല്ലാ ഫസിലിറ്റീസും ഉപയോഗപ്പെടുത്താൻ കഴിയുന്ന സംവിധാനങ്ങൾ നമുക്കുണ്ടാക്കിയെടുക്കാൻ കഴിയും. മറ്റു ബാങ്കിൽ നിന്ന് നമ്മുടെ ബാങ്കിലേക്കും പൈസ അയക്കുന്ന കാര്യങ്ങളും കൂടുതൽ എളുപ്പമായി തീരും. അതോടൊപ്പം തന്നെ ഇന്ന് സർക്കാർ അംഗീകരിച്ചിട്ടുള്ള co-branded കാർഡുകൾ. ആ കാർഡുകൾ അത് വേണമെങ്കിൽ നമുക്ക്... ATM കാർഡുകൾ.. ഡെബിറ്റ് കാർഡുകൾ. ഡെബിറ്റ് കാർഡുകൾ നമ്മുടെ അക്കൗണ്ടിലെ ആളുകൾക്കു നമ്മുടെ savings ബാങ്കിലെ പണം ഉപയോഗിച്ച് ഡെബിറ്റ് കാർഡ് ഉപയോഗിക്കാനുള്ള സംവിധാനവും നമുക്ക് ആവശ്യമെങ്കിൽ ഈ പുതിയ സിസ്റ്റത്തിൽ കൂടി നമുക്ക് ചെയ്യാൻ പറ്റും എന്ന് അതുമായി ബന്ധപ്പെട്ടിട്ടുള്ള ആൾക്കാർ നമ്മളെ അറിയിച്ചിട്ടുണ്ട്. അങ്ങനെ വരുമ്പോൾ നമ്മളുടെ സ്ഥാപനത്തിന്റെ നിലവാരം കൂടുതലുയരുകയാണ്. അതിന്റെ സ്റ്റാൻഡേർഡ് ഉയരുകയാണ്. കുറേകൂടി ആധുനികമായ സംവിധാനത്തിലേക്ക് നമ്മൾ മാറുകയാണ്. ഇത് നിശ്ചയമായിട്ടും കെ.പി.ബിയുടെ ഭാവിയെ കൂടുതൽ അനുകൂലമായി അത് ബാധിക്കും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മളുടെ വളർച്ചയിൽ ഈ എല്ലാ പ്രതിസന്ധികൾക്കുള്ളിലും നമുക്ക് ശുഭപ്രതീക്ഷ നൽകുന്ന ഈ തരം ചില കാര്യങ്ങൾ കൂടി ഇതിന്റെയിടയിൽ സംഭവിച്ചിട്ടുണ്ട്. സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട് അപ്പോൾ

ഞാനതു എടുത്ത് പറയാൻ കാരണം ലോകം ഒക്കെ ബാധിച്ചിട്ടുള്ള ഈ സാഹചര്യത്തിനുള്ളിലും കെ.പി.ബി കൂടുതൽ ശക്തിയാര്ജിക്കുകയാണ്. നമ്മുടെ സ്ഥാപനം നമുക്ക് അഭിമാനത്തോടെ നമുക്കോരോരുത്തർക്കും പറയാം നമ്മുടെ സ്ഥാപനം കൂടുതൽ കരുത്താർജ്ജിക്കുകയാണ്. അതിന്റെ എല്ലാ സംവിധാനത്തിലും സൗകര്യങ്ങളിലും അതുപോലെ തന്നെ അതിന്റെ സാമ്പത്തിക ...ബിസിനസ് കാര്യങ്ങളിലാണെങ്കിലും അതിന്റെ എല്ലാ അർഥത്തിലും കൂടുതൽ കൂടുതൽ ശക്തി പ്രാപിക്കുകയാണ്. നിശ്ചയമായിട്ടും ആത്മവിശ്വാസവും മുന്നോട്ടു പോകാനുള്ള പ്രേരണയും നൽകുന്ന ഒരു സാഹചര്യമാണ് നമുക്ക് നിലവിലുള്ളത്. അതെല്ലാം പ്രയോജനപ്പെടുത്തി കൂടുതൽ നല്ല പ്രവർത്തനം കാഴ്ചവെക്കാൻ വരുന്ന വര്ഷം നമ്മുക്ക് കഴിയട്ടെ. നമ്മളുടെ എല്ലാവരും എല്ലാ ഷെയർ ഹോൾഡേഴ്‌സും നമ്മുടെ പ്രവർത്തനത്തിന് എല്ലാ പിന്തുണയും ഇതുവരെ നല്കിയിരുന്നപോലെ തന്നെ ഇനിയും നൽകണം. നിങ്ങളുടെ സഹകരണമാണ് നമ്മളുടെ ശക്തി. YOUR SUPPORT IS OUR STRENGTH. YOUR BACKING IS OUR CONFIDENCE. നിങ്ങൾ നൽകുന്ന പിന്തുണയാണ് നമ്മൾ മുന്നോട്ടു പോകുവാൻ പ്രേരിപ്പിക്കുന്നത്. അപ്പോൾ ആ പിൻതുണക്കു എല്ലാ നന്ദിയും CHAIRMAN എന്ന രീതിയിൽ ബോർഡിൻറെ പേരിൽ നിങ്ങൾ നൽകുന്ന എല്ലാ പിന്തുണക്കും നന്ദി രേഖപ്പെടുത്തുന്നു. കൂടുതൽ നല്ല പ്രവർത്തന റിപ്പോർട്ടുമായി അടുത്ത വര്ഷം നമ്മൾ വീണ്ടും കണ്ടുമുട്ടും എല്ലാവര്ക്കും ഒരിക്കൽ കൂടി നന്ദി നമസ്കാരം.

കഴിഞ്ഞ വർഷത്തെ നമ്മുടെ പ്രവർത്തനത്തിന്റെ ബാക്കി വിശദകാര്യങ്ങളൊക്കെ ശ്രീ മാനേജിങ് ഡയറക്ടർ ശ്രീ മുരളീധരൻ അദ്ദേഹം നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ടാവും. എല്ലാ ഷെയർ ഇൻവെസ്റ്റേഴ്‌സും അതിന്റെ വോട്ടിങ്ങിന്റെ കാര്യം.. അത് ചെയ്തുകൊണ്ടിരിക്കുന്നുണ്ടാവും ആരെങ്കിലും അത് ശ്രദ്ധയിൽ വന്നിട്ടില്ലെന്കിൽ അത് പെട്ടെന്ന് വോട്ടിങ്ങിന്റെ കാര്യം ചെയ്യണം പന്ത്രണ്ടര മണിക്ക് നമ്മളിത് ക്ലോസ് ചെയ്യും.

**മാനേജിങ് ഡയറക്ടർ:**

നേരത്തെ സൂചിപ്പിച്ചപോലെ ഈ സെഞ്ചുറിയുടെ തന്നെ ഏറ്റവും കഷ്ടപ്പെട്ട ഒരു പീരിയഡിൽ കൂടെയാണ് നമ്മൾ കടന്നുകൊണ്ടിരിക്കുന്നതു. നമ്മുടെ രാജ്യം മാത്രമല്ല ലോകത്തുള്ള എല്ലാ മേജർ economiesഉം വളരെ തകർന്നടിഞ്ഞ നിലയിലാണ് ഉള്ളത്. ഇത് തുടങ്ങിയത് മാർച്ച് 25, 2020 തൊട്ടാണ് നമ്മുടെ നാട്ടിൽ ഇതാദ്യമായിട്ട് തുടങ്ങിയതെങ്കിലും ഇപ്പോ ഒന്നര വര്ഷം കഴിഞ്ഞിട്ടും we are not fully recovered from that shock. ഇപ്പോഴും അത് continue ചെയ്തു കൊണ്ടിരിക്കുകയാണ്. വേൾഡ് എക്കണോമിക്സ് എല്ലാം 2020-21ഇൽ എല്ലാം കൂപ്പുകുത്തുകയാണുണ്ടായത്. എക്സപ്റ്റ് ഫോർ ചൈന. മേജർ എക്കണോമിക്സ് ആയിട്ടുള്ള എല്ലാം U.S.A ആണെങ്കിലും ജപ്പാൻ ആണെങ്കിലും U.K, ഫ്രാൻസ്, ജർമ്മനി പിന്നെ എല്ലാ എക്കണോമിസ്ഉം ഇൻക്ലൂഡിങ് ഇന്ത്യ എല്ലാവരും

കൂപ്പുകുത്തുകയാണുണ്ടായത്. ബട്ട് ഫോർച്ചുനേറ്റ്ലി one of ours..ours is the one of very few economies which have shown a ‘v’ shaped recovery. ഇന്ത്യക്കു മാത്രമേ ഒരു ‘V’ shaped recovery കാണിക്കാൻ സാധിച്ചിരുന്നുള്ളു. 2020 അവസാനിച്ച financial yearil എത്ര നെഗറ്റിവ് ആയിരുന്നു. We have bounced back from that position and we have fully recovered. നമ്മൾ 2021ൽ വളരെ മോശമായൊരു പെർഫോമൻസ് ആയിരുന്നു കാണിക്കാൻ പറ്റിയിരുന്നതെങ്കിൽ 2022 ആവുമ്പോളേക്കും we would be showing a beautiful growth of 8.5% plus എന്നാണ് വേൾഡ് ലെ എല്ലാ അസ്സെസ്സ്മെന്റ് അതോറിറ്റീസും വരെ പറഞ്ഞു വച്ചിരിക്കുന്നത്. അതിന്റെ റിഫ്ലക്ഷൻസ് ആണ് നമ്മുടെ കമ്പനിയില് ഉണ്ടായിട്ടുള്ളത്. ഒരുപാട് ഷോക്ക് ഉണ്ടായിരുന്നു. ആ ഷോക്ക് എല്ലാം അബ്സോർബ് ചെയ്ത അതിന്റെ നെഗറ്റീവ് ഇമ്പാക്ട് നമ്മളെ കാര്യമായിട്ട് ബാധിക്കാത്ത തരത്തിൽ നമുക്കിതിനെ കമ്പനിയെ മുൻപോട്ട് കൊണ്ടുപോവാൻ സാധിച്ചിട്ടുണ്ട്. With the full support of our staff, our customers എല്ലാവരും..ഓരോരുത്തരും പങ്കെടുത്തതുകൊണ്ടാണ് നമ്മക്കീ നിലയിലെത്തുവാൻ സാധിച്ചത്. അതുകൊണ്ട് തന്നെ 2020-21ലെ ബാലൻസ് ഷീറ്റ് പോലും എല്ലാ എക്കണോമീസും തകർന്നിട്ട് പോലും നമ്മുടെ ബാലൻസ് ഷീറ്റ് വളരെ നല്ലൊരു പെർഫോമൻസ് കാണിക്കാൻ പറ്റിയിരുന്നു. അത് ചെയർമാൻ സർ സൂചിപ്പിച്ചപോലെ 35% ഇൽ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ പാൻഡെമിക് പീരിയഡിൽ ഒരു 25% growth നമുക്ക് കാണിക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ that is simply great. It was made possible only because of the wholehearted support from the customers and our staff only. ഓരോരുത്തരോടും താങ്ക്സ് പറഞ്ഞുകൊണ്ട് ഞാനെന്റെ ജോലി തുടങ്ങുകയാണ്.

ചില milestones നമ്മളീ പാൻഡെമിക് പീരിയഡിലും കവർ ചെയ്തിട്ടുണ്ടായിരുന്നു. അതിലേറ്റവും മുഖ്യമായിട്ടുള്ളതെന്തെന്നു വച്ചാൽ നമ്മുടെ കമ്പനി, 1989 ഇൽ ആരംഭിച്ച ഈ കമ്പനി ഇന്ന് 2021 ആയപ്പൊളേക്കും നമ്മുടെ total business has crossed 1000 crores എന്നതാണ്. 1000 കോടി രൂപയുടെ milestone കവർ ചെയ്യാൻ സാധിച്ചത് ഈ പാൻഡെമിക് പീരിയഡിലായിരുന്നെങ്കിലും നമ്മളെകൊണ്ട് അത് സാധിച്ചെടുക്കാൻ സാധിച്ചിരുന്നു. 856 കോടി ടോട്ടൽ ബിസിനസ് ഉണ്ടായിരുന്നത് 2020-ൽ. 2021 ആയപ്പൊളേക്കും അത് 1058 കൊടിയിലേക്കു നമുക്ക് raise ചെയ്യാൻ സാധിച്ചു. It was simply a great achievement…of course. പിന്നെ..എഗൈൻ ചെയർമാൻ സർ സൂചിപ്പിച്ചതുപോലെ 2014-ന് ശേഷം ആദ്യമായിട്ടാണ് നമ്മുടെ കമ്പനിക്ക് ഒരു ഡിവിഡന്റ് എന്നുള്ള പേരിൽ നമുക്ക് declare ചെയ്യുവാൻ സാധിച്ചത്. അതുപോലെ ചെറിയൊരു amount ആയിട്ട് തോന്നുമെങ്കിലും it is a small step of course but ഇനിയുള്ള കാലങ്ങളിൽ ഇപ്പൊ ഉള്ള 5% തീർച്ചയായും അടുത്തവർഷങ്ങളിലേക്കാവുമ്പോൾ നല്ലൊരു പൊസിഷനിലെത്തിക്കാനും നല്ലൊരു ശതമാനത്തിലേക്ക് എത്തിക്കാനും നമ്മളെകൊണ്ട് സാധിക്കുമെന്നുള്ള ഒരു കോൺഫിഡൻസ് നമുക്കുണ്ട്. ഈ സപ്പോർട്ട് നമുക്ക് ഇതുപോലെ കിട്ടുകയാണെങ്കിൽ. നമ്മുടെ paidup capital അതാണ് നമ്മുടെ ഇൻവെസ്റ്റേർസ് കോൺഫിഡൻസ് കാണിക്കുന്നത് paidup

capitalന്റെ growth നോക്കികൊണ്ടാണ്. 28 കോടി 81 ലക്ഷം രൂപ ഉണ്ടായിരുന്ന ആ ഫിഗർ ഇന്നിപ്പോ നില്ക്കുന്നത് 36 കോടി 17 ലക്ഷത്തിലാണ്. അതായതു 6.5 കോടി രൂപയിൽ കൂടുതൽ നമുക്ക് growth കാണിക്കാൻ സാധിച്ചിട്ടുണ്ട്. ആ ഒരു മേഖലയിൽ മാത്രം. അതും ഇൻവെസ്റ്റേഴ്സിന്റെ സപ്പോർട്ട് കൊണ്ട് മാത്രമാണുണ്ടായത്. ശെരിക്കും..real growth 4 കോടി രൂപയുണ്ട്. പിന്നെ ഈ accrual പ്രോഫിറ്റും മറ്റുമുള്ള... accruals കൊണ്ടാണ് ബാക്കിയുള്ള growth കാണിക്കാൻ സാധിച്ചിരിക്കുന്നത്. ഇതെല്ലാം നമ്മുടെ fundamentals എത്ര സ്ട്രോങ്ങ് ആവുന്നു എന്നതിനുള്ള ഒന്നാംതരം തെളിവാണ്. ഡെപ്പോസിറ്റ്സ്...ഡെപ്പോസിറ്റ്സ് ഒരു milestone കവർ ചെയ്തു. 443 കോടിയുണ്ടായിരുന്ന deposit 558 കോടിയിലേക്കെത്തി. 500 കോടി ക്രോസ്സ് ചെയ്ത് 558 crores എന്നുള്ള ലെവലിലേക്ക് എത്തിയിട്ടുണ്ട്. അത്...showing a growth of 115 crores.. 115 കോടി രൂപ ഡെപ്പോസിറ്റ് നമുക്കീ ഒരു വർഷത്തിനകം നമ്മൾക്കു grow ചെയ്യാൻ സാധിച്ചു. Advances, അതും സെയിം tune-ൽ നമ്മൾക്കു grow ചെയ്യാൻ സാധിച്ചിട്ടുണ്ട്. Advances 492 കൊടിയിലെത്തിക്കാൻ സാധിച്ചു അങ്ങനെ ഒരു 90% എന്നുള്ള CD ratio maintain ചെയ്യാൻ സാധിച്ചിരുന്നു 90% എന്ന് പറഞ്ഞാൽ ഒരു financial industry അചീവ് ചെയ്യാവുന്ന ഏറ്റവും നല്ല cd ratio ആണ് അത്. That is one of the most healthiest ratios also at the same time. അതിനും നമ്മുടെ സ്റ്റാഫിനെയും ഇൻവെസ്റ്റേഴ്സിനെയും തന്നെയാണ് താങ്ക്സ് പറയേണ്ടത്. നമ്മുടെ ക്രെഡിറ്റ് പോർട്ട്ഫോളിയോയുടെ ബാക്ക് ബോൺ ആയിട്ടുള്ള ഗോൾഡ് ലോൺ പോർട്ട്ഫോളിയോ.. ഗോൾഡ് ലോൺ...നമ്മളെപ്പോളും thrust കൊടുക്കുന്ന ഗോൾഡ് ലോൺ ബികോസ് ഓഫ് ഈസി ലിക്വിഡിറ്റി. എത്രയും പെട്ടെന്ന് റിക്കവർ ചെയ്യാവുന്ന ഒരു പോർട്ട്ഫോളിയോ ആയതുകൊണ്ട് ഗോൾഡ് ലോണിലാണ് നമ്മൾ maximum thrust കൊടുക്കുന്നത്. ആ ഗോൾഡ് ലോൺ പോർട്ട്ഫോളിയോ 263 കോടി എന്നുള്ളത് 358 കൊടിയിലേക്ക് നമ്മക്ക് grow ചെയ്യുവാൻ സാധിച്ചു. അതായതു 95 കോടി രൂപ നമ്മള് grow ചെയ്തിരുന്നു. It is almost at par with the previous years. ഈ ഇത്രയും വലിയ പാൻഡെമിക് പീരിയഡിലും 95 കോടി രൂപ നമുക്കൊരു ഹെൽത്തി ആയിട്ടുള്ള ഗോൾഡ് ലോൺ പോർട്ട്ഫോളിയോയിൽ ഇന്ക്രീസ് കാണിക്കാൻ സാധിച്ചത്...It is really an achievement. ഗോൾഡ് ലോൺ പോർട്ട്ഫോളിയോ കൂടിയതുകൊണ്ട് മാത്രം നമ്മക്ക് ഇന്ററെസ്റ്റ് ഇൻകം 55 കോടിയുണ്ടായിരുന്നത് 68.5 കോടിയിലേക്ക് raise ചെയ്യാൻ പറ്റി. 13.5 crores growth അവടെ കാണിച്ചപ്പോൾ കോംപാരറ്റീവ് ആയിട്ടുള്ള interest expenditure വെറും 11 കോടിയിലേക്കു റെസ്ട്രിക്ട് ചെയ്യാൻ സാധിച്ചു. അപ്പോ ഈ ഒരു വർഷത്തെ പെർഫോമൻസ് കൊണ്ട് മാത്രം നേരത്തെ ഉണ്ടായിരുന്ന പ്രോഫിറ് മാർക്ക് കൂടാതെ 2.5 കോടി രൂപ അഡിഷണൽ ആയിട്ട് നമ്മുടെ കിറ്റിയിലേക്ക് കൂട്ടാൻ സാധിച്ചു. 124 LAKHS നമ്മൾ TAX ആയിട്ട് കൊടുത് ശേഷം we could show a much better performance in PAT. Profit after tax ആയിട്ട് 315 ലക്ഷമാണ്. കഴിഞ്ഞ 278 ലക്ഷത്തെ compare ചെയ്യുമ്പോ 315 ലക്ഷം രൂപ നമ്മുടെ profit after tax ആയിട്ട് നമ്മൾക്കു show

ചെയ്യാൻ സാധിച്ചിരുന്നു. That is also one of the greatest achievement we can say. എല്ലാ നമ്മുടെ ബാലൻസ് ഷീറ്റും നമ്മുടെ കമ്പ്ലീറ്റ് ഡീറ്റൈൽസും നമ്മൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. 3rd സെപ്റ്റംബറിൽ നമ്മൾ സിസ്റ്റത്തിൽ upoad ചെയ്തിട്ടുണ്ടായിരുന്നു. ഒരുവിധം എല്ലാവരും അത് വായിച്ചു കാണുമെന്ന് തോന്നുന്നു. ചില ആൾക്കാരൊക്കെ വളരെ appreciate ചെയ്ത് ഒരുപാട് മെസ്സേജസും വന്നിട്ടുണ്ടയിരുന്നു. നമ്മുടെ പെർഫോമൻസിനെ appreciate ചെയ്തുകൊണ്ട് ഈ.. We are continuing with our growth path. We are in the same in the..continuing the same path of our growth. ഇതിൽ നിന്നും ഒട്ടും വിട്ടുമാറിയിട്ടില്ല ഫോക്കസ്സ് ആയിട്ട് നമ്മള് growth ടാർഗറ്റ് നമ്മൾ അചീവ് ചെയ്തുകൊണ്ടിരിക്കുകയാണ്. അടുത്ത വർഷത്തേക്ക് ഇതിലും നല്ലൊരു പെർഫോമൻസ് കാണിക്കുമാറാകട്ടെ എന്ന് പറഞ്ഞുകൊണ്ട് ഞനെന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. നന്ദി നമസ്കാരം..താങ്ക് യു.

**ചെയർമാൻ:**

നമ്മുടെ നോട്ടീസിൽ തന്നെ എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കാനുണ്ടെങ്കിൽ അത് 7 ദിവസം മുൻപ് അറിയിക്കണം എന്ന് പറഞ്ഞിരുന്നു. 7 ദിവസം മുൻപ് അല്ലെങ്കിലും അതിനു ശേഷവും അറിയിച്ചിട്ടുമുള്ള ചോദ്യങ്ങൾക് ചേർത്തുകൊണ്ട് ശ്രീ മുരളീധരൻ സർ ഇപ്പൊ അതിനൊക്കെയുള്ള മറുപടി പറയുന്നുണ്ടാവും. ഓരോരുത്തരുടെയും പേര് പറഞ്ഞിട്ടല്ലെങ്കിലും ചോദ്യങ്ങളെ അതിന്റെ ഉത്തരങ്ങളും എന്ന രീതിയിൽ എല്ലാ കാര്യങ്ങളും പറയുന്നതാണ്.

**Managing director:**

3 ആം തിയതി അയച്ച നോട്ടീസിൽ വളരെ ക്ലിയർ ആയി പറഞ്ഞിരുന്നു 7 ദിവസം മുൻപ് അതായത് september 20തിന് അകം എന്ത് queriesum ഉണ്ടെന്നുണ്ടെങ്കിലുംഅതിൽ കാണിച്ചിരിക്കുന്ന mail id യിലേക്ക് queries അയച്ചു തരണം, സംസാരിക്കണമെന്നുള്ളവര് താല്പര്യം കാണിക്കണമെന്ന്. ആ dateനകം കട്ട് ഓഫ് dateനകം ആരുടേയും ഒരു queryഉം വന്നിട്ടുണ്ടായിരുന്നില്ല. Except for some messages congratulating our performance. പക്ഷെ നമ്മുടെ മാന്യ ഷെയർ ഹോൾഡർ ശ്രീ ബാബു ജോർജ് സർ ഒരു lengthy ആയിട്ടൊള്ളോരു query അയച്ചിട്ടുണ്ടായിരുന്നു though subsequent to that 23 ആം തിയതി ആണത് കിട്ടിയത്. എന്നാലും ഞാനത് ഓരോ പോയിന്റും വച്ചു ആൻസർ ചെയ്യുന്നുണ്ട് കാരണം that covers almost all the doubts that may arise in the minds of the investors. ഒരുവിധം എല്ലാ പോയിന്റ്സും ഒരു കോമ്പ്രെഹെൻസീവ് query ആണ് അദ്ദേഹം അയച്ചു തന്നിരിക്കുന്നത് . എല്ലാ പോയിന്റ്സും അദ്ദേഹം കവർ ചെയ്തിട്ടുണ്ട്. അദ്ദേഹം ആദ്യം നമ്മുടെ പെർഫോമൻസിനെ appreciate ചെയ്തിട്ടുണ്ടായിരുന്നു. I shall read out the whole thing. “I am glad to know that there is a profit of 3.15 lakh ... 3.15 crores in the difficult times also it is commentable. This was possible due to the hardwork of chairman, MD, Director board members and staff. Many congratulations

